(സി) ഉണ്ട്. വേയ്സ് ആന്റ് മീൻസ് അഡ്വാൻസിന് 8 ശതമാനം വാർഷിക പലിശയും ഓവർഡ്രാഫിറ്റിന് 10 ശതമാനം വാർഷിക പലിശയുമാണ്.

(ഡി) 2000 ഡിസംബർ വരെ 23.06 കോടി രൂപ.

## ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ

43 (435) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.സി.ഡി.സി., സി.ഐ.സി., എൽ.ഐ.സി., നബാർഡ് തുടങ്ങിയ ഓരോ സ്ഥാപനങ്ങളിൽ നിന്നും 15-2-2001-ലെ കണക്കനുസരിച്ച് സംസ്ഥാനം എന്തു തുകയുടെ വായ്പയോ, മുൻകൂറോ വാങ്ങിയിട്ടുണ്ടോ ;

(ബി) ഈ വായ്പയോ, മുൻകൂറോ തിരിച്ചടയ്ക്കുന്നതിനുള്ള തവണ മുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തവണകൾ മുടങ്ങിയിട്ടുണ്ട് ;

(സി) തവണ മുടങ്ങിയതുമൂലമുണ്ടായിട്ടുള്ള കുടിശ്ശികയെത്ര ;

(ഡി) ഈ കുടിശ്ശികയുടെ പലിശയും പിഴപ്പലിശയും എത്രയാണ് ;

(ഇ) ഈ ഓരോ സ്ഥാപനങ്ങൾക്ക് പ്രസ്തുത തീയതികളിൽ അടച്ചു തീർക്കാനുള്ള ആകെ വായ്പ തുക, പലിശ, പിഴപലിശ എന്നിവ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

### ഉത്തരം

(എ) എൻ.സി.ഡി.സി., സി.ഐ.സി., എൽ.ഐ. സി., നബാർഡ് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എൻ.സി.ഡി.സി. | 273.04 കോടി രൂപ. |
| സി.ഐ.സി. | 179.26 കോടി " |
| എൽ.ഐ. സി. | 718.59 കോടി " |
| നബാർഡ് | 315.17 കോടി " |

(ബി) ഉണ്ട്. എൽ.ഐ. സി.യിൽ രണ്ടു തവണ തുടങ്ങിയിട്ടുണ്ട്.

(സി) എൽ.ഐ. സി.

| | |
|---|---|
| മേയ് മാസം | 21.64 കോടി രൂപ. |
| നവംബർ മാസം | 4.04 കോടി രൂപ. |

(ഡി)

| | |
|---|---|
| പലിശ: മേയ് | 33.28 കോടി രൂപ. |
| നവംബർ | 20.96 കോടി രൂപ. |
| പിഴ പലിശ | 1.31 കോടി രൂപ. |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| (ഇ) | വായ്പാ തുക | 25.68 കോടി രൂപ. |
| | പലിശ | 54.24 കോടി രൂപ. |
| | പിഴപലിശ | 1.31 കോടി രൂപ. |

**ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ**

**44 (436)** ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം , തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ആഫീസിൽ ധനകാര്യവകുപ്പ് 5-10-1998, 5-4-1999, 25-9-1999, 14-2-2000 എന്നീ തിയതികളിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ഏതെങ്കിലും ക്രമക്കേട് നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടോ ;

(സി) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ ഇതിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് കരുതുന്നില്ല.

(ഡി) പ്രസ്തുത റിപ്പോർട്ടിൻമേൽ അന്നത്തെ എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന ശ്രീ. ഒ. പി. ചാക്കോയെ, സ.ഉ.ജി.ഒ.(ആർ.ടി.) നം.437/2000/പി.ഡബ്ല്യൂ.ഡി തീയതി 29-4-2000 പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഡിവിഷണൽ അക്കൗണ്ടന്റായിരുന്ന ശ്രീ. പി. സുരേന്ദ്രനെയും സസ്പെൻഡ് ചെയ്യുകയുണ്ടായി. ഇദ്ദേഹത്തെ വീണ്ടും സർവ്വീസിൽ എടുത്തെങ്കിലും, വകുപ്പുതല അന്വേഷണം നടക്കുന്നുണ്ട്.

(ഇ) ബാധകമല്ല.

**പുതിയ നികുതികൾ**

**45 (437)** ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ പുതിയ നികുതികളാണ് ചുമത്തിയതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly